**മഹാത്മാഗാന്ധി സർവ്വകലാശാല**
**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 മെയ് 10

## വാർത്താക്കുറിപ്പ്

---

## എം.ജി. സർവ്വകലാശാലക്ക് പേറ്റന്റ്

കാർബണിക തന്മാത്രയുടെ രൂപീകരണത്തിന് ഉപയോഗിക്കുന്ന രാസപ്രവർത്തനങ്ങളെ കൂടുതൽ സുഗമവും ലാഭകരവുമാക്കുന്ന പുതിയ തരം ഉൽപ്രേരകം ഗവേഷണത്തിലൂടെ വികസിപ്പിച്ച മഹാത്മാഗാന്ധി സർവ്വകലാശാലക്ക് കേന്ദ്ര സർക്കാരിന്റെ പേറ്റന്റ്.

സ്കൂൾ ഓഫ് കെമിക്കൽ സയൻസസിലെ അധ്യാപകൻ ഡോ. എസ്. അനസിന്റെ മേൽനോട്ടത്തിൽ ഡോ. പി.ആർ. ശ്രുതി നടത്തിയ ഗവേഷണഫലമായാണ് ഈ നൂതന ഉത്പ്രേരക (കാറ്റലിസ്റ്റ്) ത്തിന്റെ ഉത്പാദനത്തിനും ബൃഹത്തായ ഉപയോഗത്തിനും വഴി തുറക്കുന്ന പേറ്റന്റിന് സർവ്വകലാശാലയെ അർഹമാക്കിയത്. പുനർചംക്രമണം നടത്തി ഒട്ടേറെ രാസപ്രവർത്തനങ്ങൾക്ക് വീണ്ടും ഉപയോഗിക്കാൻ കഴിയുന്ന പലേഡിയം അടിസ്ഥാനമായുള്ള നൂതന പോളിമർ സംയോജിത ലോഹ ഉത്പ്രേരകമാണ് സർവ്വകലാശാലയിലെ ഗവേഷകർ വികസിപ്പിച്ചത്.

നിലവിൽ പലേഡിയം അടിസ്ഥാനമാക്കിയുള്ള ലോഹസംയുക്തങ്ങളാണ് ഉത്പ്രേരകങ്ങളായി പ്രധാനമായും ഉപയോഗിച്ചു വരുന്നത്. എന്നാൽ ഈ സംയുക്തങ്ങളുടെ ഉയർന്ന വിലയും ലഭ്യതക്കുറവും മൂലമുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സഹായകരമാകുന്നതാണ് പുതിയ കണ്ടുപിടുത്തം.

പുനരുപയോഗിക്കാൻ കഴിയുന്നതും പരിസ്ഥിതി സൗഹാർദ്ദപരവുമായ ഇത്തരത്തിലുള്ള ബദൽ ഉത്പ്രേരകങ്ങളുടെ വ്യാപകമായ ഉപയോഗസാധ്യതകൾ ഈ രംഗത്തെ ഗവേഷണ പ്രവർത്തനങ്ങൾക്കും ആക്കം കൂട്ടും. ചെലവ് കുറഞ്ഞ മാർഗ്ഗങ്ങളിലൂടെ വളരെ എളുപ്പം നിർമ്മിക്കാനാവുമെന്നതുകൊണ്ടും വലിയ തോതിൽ പുനരുപയോഗക്ഷമതയുള്ളതുകൊണ്ടും ഈ നൂതന ഉത്പ്രേരകത്തിന് കാർബണിക രസതന്ത്ര ശാഖയിൽ ഭാവിയിൽ ഒട്ടേറെ സംഭാവനകൾ നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷ. 2019 ലാണ് സർവ്വകലാശാല ബിസിനസ് ഇന്നൊവേഷൻ ആൻഡ് ഇൻക്യുബേഷൻ സെന്റർ മുഖാന്തിരം കേന്ദ്ര പേറ്റന്റ് ഓഫീസിന് അപേക്ഷ സമർപ്പിച്ചത്.


ഡോ. എസ്. അനസ്


ഡോ. പി.ആർ. ശ്രുതി

(പി.ആർ.ഒ./39/561/2022)

## ഡോ. വിനോയ് തോമസിന്റെ പ്രഭാഷണം ഇന്ന് (മെയ് 11)

മഹാത്മാഗാന്ധി സർവ്വകലാശാല-സ്കൂൾ എനർജി മെറ്റീരിയൽസിന്റെയും സ്കൂൾ ഓഫ് നാനോ സയൻസിന്റെയും സംയുക്താഭിമുഖ്യത്തിൽ ബർമ്മിങ്ഹാമിലെ അലബാമ യൂണിവേഴ്സിറ്റിയിൽ നിന്നുള്ള രസതന്ത്ര-പോളിമർ, ഭൗതിക ശാസ്ത്ര, നാനോ ടെക്നോളജി മേഖലകളിലെ പ്രമുഖ ഗവേഷകനും ശാസ്ത്രജ്ഞനുമായ ഡോ. വിനോയ് തോമസിന്റെ ശാസ്ത്ര പ്രഭാഷണം ഇന്ന് (മെയ് 11) രാവിലെ ഒൻപതിന് നടക്കും. മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് കെമിക്കൽ സയൻസസിൽ നടക്കുന്ന പരിപാടിയിൽ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസും പങ്കെടുക്കും. തിരുവനന്തപുരം ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിൽ നിന്ന് ബയോമെറ്റീരിയൽസ് ആന്റ് ടെക്നോളജിയിൽ ബിരുദം നേടിയിട്ടുള്ള ഡോ. വിനോയ് തോമസ് അദ്ദേഹത്തിന്റെ പോസ്റ്റ് ഡോക്ടറൽ പഠനങ്ങൾ ജർമ്മനിയിലെ ഫ്രെഡറിക് ഷില്ലർ യൂണിവേഴ്സിറ്റിയിലാണ് പൂർത്തിയാക്കിയിട്ടുള്ളത്. ബയോമെറ്റീരിയൽസ്, നാനോ മെറ്റീരിയൽസ് മേഖലകളിൽ ഗവേഷണം തുടരുന്ന അദ്ദേഹം ഇതിനകം 80 ലധികം ഗവേഷണപ്രബന്ധങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. അലബാമ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോസ്കെയിൽ മെറ്റീരിയൽസ് ആന്റ് ബയോ ഇന്റഗ്രേഷനിലെ സീനിയർ റിസർച്ച് സയന്റിസ്റ്റാണ്.

പരിപാടിയിൽ നേരിട്ടും ഓൺലൈനായും പങ്കെടുക്കുന്നതിന് സൗകര്യം ഉണ്ടായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ : 9446711043.

https://mgu.webex.com/mgu/j.php?MTID=mbd8a19e08e6d016eed5af7c637c59fcd എന്ന ലിങ്ക് മുഖേന പരിപാടിയിൽ പങ്കെടുക്കാം

അക്കാദമിക് പ്രോഗ്രാമുകൾ സംയുക്തമായി നടത്തുന്നതിനും അധ്യാപകരേയും വിദ്യാർത്ഥികളേയും അക്കാദമിക് ആവശ്യങ്ങൾക്കായി പരസ്പരം കൈമാറുന്നതിനും സഹായകമായ ഒരു ധാരണാപത്രം മഹാത്മാഗാന്ധി സർവ്വകലാശാലയും അലബാമ യൂണിവേഴ്സിറ്റിയും ഒപ്പു വക്കുന്നതിനും പരിപാടിയുണ്ടെന്ന് വൈസ് ചാൻസലർ ഡോ. സാബു തേമസ് പറഞ്ഞു.



**ഡോ. വിനോയ് തോമസ്**

(പി.ആർ.ഒ./39/562/2022)

## സ്കോളർഷിപ്പ് വിതരണം ഇന്ന് (മെയ് 11)

ഡലിഹിയിൽ നടന്ന റിപ്പബ്ലിക് ദിന പരേഡിൽ പങ്കെടുത്ത എൻ.എസ്.എസ്. / എൻ.സി.സി. കേഡറ്റുകൾക്കും മഹാത്മാഗാന്ധി സർവ്വകലാശാല കലോത്സവങ്ങളിൽ ഉന്നത വിജയം നേടിയവർക്കും സർവ്വകലാശാലയുടെ കീഴിലുള്ള അഫിലിയേറ്റഡ് കോളേജുകളിലെ ശാരീരിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുമുള്ള 2020-21. 2021-22 അധ്യയനവർഷങ്ങളിലെ സ്കോളർഷിപ്പുകൾ ഇന്ന് (മെയ് 11) ഉച്ചക്ക് 12 ന് സർവ്വകലാശാല അസംബ്ലി ഹാളിൽ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് വിതരണം ചെയ്യുമെന്ന് സ്റ്റുഡന്റ്സ് സർവ്വീസ് ഡിപ്പാർട്ട്മെന്റ് ഡയറക്ടർ അറിയിച്ചു.

(പി.ആർ.ഒ./39/563/2022)

## എം.ജി. യിൽ ഗസ്റ്റ് അധ്യാപകരുടെ 80 ഒഴിവുകൾ; ഇന്റർവ്യൂ 19 മുതൽ

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ 18 പഠന വകുപ്പുകളിൽ ഒഴിവുള്ള 80 ഗസ്റ്റ് അധ്യാപക തസ്തികകളിലേക്ക് കരാർ നിയമനത്തിനുള്ള വോക്ക്-ഇൻ ഇന്റർവ്യൂ മെയ് 19, 20, 21, 23, 24 തീയതികളിൽ സർവ്വകലാശാല ആസ്ഥാനത്തെ വൈസ് ചാൻസലറുടെ കോൺഫറൻസ് ഹാളിൽ നടക്കും. ഒഴിവുകൾ, യോഗ്യത, ഇന്റർവ്യൂവിന്റെ സമയക്രമം തുടങ്ങിയ വിവരങ്ങൾ www.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/564/2022)

## മാറ്റി വച്ച പരീക്ഷ 18 ന്

മെയ് മൂന്നിന് നടത്താൻ നിശ്ചയിച്ച് പിന്നീട് മാറ്റി വച്ച ഒന്ന്, രണ്ട് സെമസ്റ്റർ ബി.ആർക്ക് (2019 വരെയുള്ള അഡ്മിഷൻ - സപ്ലിമെന്ററി) ബിരുദ പരീക്ഷ മെയ് 18 ന് നടക്കും. പരീക്ഷാ കേന്ദ്രത്തിന് മാറ്റമില്ല.

(പി.ആർ.ഒ./39/565/2022)

## പരീക്ഷ മെയ് 20 മുതൽ

ഒന്നാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എം.എസ്.സി. / എം.എ. (ബെയ്സിക് സയൻസ് - സ്റ്റാറ്റിസ്റ്റിക്സ് / ബെയ്സിക് സയൻസ് - കെമിസ്ട്രി / കമ്പ്യൂട്ടർ സയൻസ് - ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആന്റ് മെഷീൻ ലേണിംഗ് / ലാംഗ്വേജ് - ഇംഗ്ലീഷ്) (പുതിയ സ്കീം - 2020 അഡ്മിഷൻ - റെഗുലർ) പരീക്ഷകൾ മെയ് 20 ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/566/2022)

## പരീക്ഷാ കേന്ദ്രം

2022 മെയ് / ജൂൺ മാസങ്ങളിലായി നടക്കുന്ന ബി.എസ്.സി.- നഴ്സിംഗ് മെഴ്സി ചാൻസ് പരീക്ഷക്ക് അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികളുടെ പരീക്ഷാ കേന്ദ്രം എസ്.എം.ഇ. ഗാന്ധിനഗർ ആയിരിക്കും. വിദ്യാർത്ഥികൾ ഹാൾടിക്കറ്റുകൾ പരീക്ഷാ കേന്ദ്രത്തിൽ നിന്നും കൈപ്പറ്റേണ്ടതാണ്.

(പി.ആർ.ഒ./39/567/2022)

## മാറ്റി വച്ച പരീക്ഷ മെയ് 17 ന്

ഏപ്രിൽ ഒന്നിന് നടത്താനിരുന്ന് മാറ്റി വച്ച രണ്ടാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. (2014-2016 അഡ്മിഷൻ - റീ-അപ്പിയറൻസ് / 2013 അഡ്മിഷൻ - മേഴ്സി ചാൻസ്) ബി.എസ്.സി. സൈബർ ഫോറെൻസിക് (2014-2018 അഡ്മിഷൻ - റീ-അപ്പിയറൻസ്) പരീക്ഷകൾ മെയ് 17 ന് നടക്കും. പരീക്ഷാകേന്ദ്രത്തിന് മാറ്റമില്ല.

(പി.ആർ.ഒ./39/568/2022)

## പുതുക്കിയ പരീക്ഷാ ടൈംടേബിൾ

അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്.എസ് (2013 മുതൽ 2016 വരെയുള്ള അഡ്മിഷൻ - റീ-അപ്പിയറൻസ്), സി.ബി.സി.എസ്.എസ്. സൈബർ ഫോറൻസിക് (2014 മുതൽ 2018 വരെയുള്ള അഡ്മിഷൻ - റീ-അപ്പിയറൻസ്) ബിരുദ പരീക്ഷയുടെ ടൈംടേബിളിൽ കൂടുതൽ പേപ്പറുകൾ ഉൾപ്പെടുത്തി പുതുക്കിയിരിക്കുന്നു. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ

(പി.ആർ.ഒ./39/569/2022)

**പി.സി. സുരേഷ് കുമാർ**
**പബ്ലിക് റിലേഷൻസ് ഓഫീസർ**